16664
30/9/19

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കൊല്ലം ജില്ലയിലെ വനം വകുപ്പിന്റെ കീഴിലുള്ള കുളത്തൂപ്പുഴ റെയിഞ്ചിൽ നടന്ന ക്രമക്കേടുകൾ - വിജിലൻ സ് & ആന്റി കറപ് ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന - റിട്ടയേർഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ.എം.അശോകനെതിരെയുള്ള അച്ചടക്ക നടപടി - കുറ്റവിമുക്തനാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

**സ.ഉ.(സാധാ) നം.92/2019/വനം** തിരുവനന്തപുരം, തീയതി, 27/02/2019

---

പരാമർശം:- (1) 06.03.2015-ലെ വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ ഇ2(SC 7/14 KLM)2220/14 നമ്പർ കത്ത്

(2) 28.12.2016-ലെ ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസിന്റെ ഐഎഫ് എസ്I- 57864/2015 നമ്പർ കത്ത്

(3) 30.05.2018ലെ 9391/എ1/2015/വനം നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും

(4) 12.06.2018 തീയതിയായി ശ്രീ.എം. അശോകൻ, റിട്ടയേർഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച പ്രതിവാദപത്രിക.

(5) 28.06.2018 ലെ സ.ഉ. (സാധാ) നം. 4260/2018/പൊ.ഭ.വ. ഉത്തരവ്

(6) 15.11.2018-ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ന്റെ ബി6-63181/2017 നമ്പർ കത്ത്

<u>ഉത്തരവ്</u>

കൊല്ലം ജില്ലയിലെ പുനലൂർ താലൂക്കിലെ കുളത്തൂപ്പുഴ റെയിഞ്ചിൽ വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ പരിശോധന നടത്തുകയും ടി റെയിഞ്ചിന്റെ കീഴിലുള്ള മൈലംമൂട് സെക്ഷനിൽപ്പെട്ട നാങ്കച്ചി പ്ലാന്റേഷനിൽ ഔട്ട് റൈറ്റ് സെയിൽ നടത്തിയതിൽ സുതാര്യമായ നടപടികൾ കൈക്കൊള്ളുന്നതിന് വീഴ്ച വരുത്തിയ

തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ.എസ്.മോഹനൻപിള്ള, ശ്രീമതി. ഉമ ഐഎഫ്എസ്, കുളത്തൂപ്പുഴ റെയിഞ്ച് ഓഫീസർ ശ്രീ.എം.അശോകൻ എന്നിവർക്കെതിരെ കർശന വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിനും ലേല നടപടികളിലൂടെ സർക്കാരിനുണ്ടായ നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിനും പരാമർശം (1) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

2) തുടർന്ന് ശ്രീ.എസ്.മോഹനൻപിള്ള ഐഎഫ്എസ്, ശ്രീമതി.ഉമ ഐഎഫ്എസ് എന്നിവരിൽ നിന്നുമുള്ള വിശദീകരണം ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ് പരാമർ ശം ( 2 ) പ്രകാരം ലഭ്യമാക്കി. ശ്രീ.എസ്.മോഹനൻപിള്ളയുടെ വിശദീകരണം പരിഗണിക്കാവുന്നതാണെന്നും ശ്രീമതി. ഉമ, ഐഎഫ്എസ്-ന്റെ വിശദീകരണം പരിഗണനാർഹമല്ലെന്നും ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ശുപാർശ ചെയ്തു.

3) കുളത്തൂപ്പുഴ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ.എം.അശോകന് പരാമർ ശം ( 3 ) പ്രകാരം താഴെപ്പറയുന്ന ചാർജ്ജുകൾക്ക് കുറ്റപത്രം/കുറ്റാരോപണ പത്രികയും നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

(i) കുളത്തൂപ്പുഴ റെയിഞ്ചിന്റെ കീഴിലുള്ള മൈലംമൂട് സെക്ഷനിൽപ്പെട്ട നാങ്കച്ചി പ്ലാന്റേഷനിലെ നില്പുമരങ്ങൾ ആയ കട്ടി മരങ്ങൾ മുറിച്ച് വനം ഡിപ്പോയിൽ എത്തിച്ച് ഡിപ്പോ വഴി സെയിൽ നടത്തുന്നത് സർക്കാറിന് കൂടുതൽ സാമ്പത്തിക ലാഭമാണെന്നിരിക്കെ ഔട്ട് ട്രേഡ് സെയിൽ നടത്തുന്നതിന് ടിയാൻ കൂട്ടുനിൽക്കുകയും ഔട്ട് ട്രേഡ് സെയിൽ നടത്തിയതിൽ സുതാര്യമായ നടപടികൾ കൈക്കൊള്ളുന്നതിന് വീഴ്ച വരുത്തുകയും ചെയ്തു.

(ii) ഔട്ട് ട്രേഡ് സെയിൽ നടത്തുവാൻ തയ്യാറാക്കിയ വാല്യൂവേഷൻ സ്റ്റേറ്റ്മെന്റും വനംവകുപ്പ് അംഗീകരിച്ചു വരുന്ന എൻ.ആർ.നായരുടെ വോളിയം ടേബിളും ആയി ഒത്തുനോക്കിയതിൽ മുള്ളുവേങ്ങ ഇനം-I ലും, പാതിരി ഇനം-I ന്റേയും II ന്റേയും വിലയിൽ വ്യത്യാസം വരികയും തന്മൂലം സർക്കാർ നഷ്ടം സംഭവിക്കുന്നതിനും ടിയാൻ കാരണക്കാരനായി.

(iii) മേൽ പ്രവർത്തികൾമൂലം ടിയാൻ സർക്കാർ താല്പര്യം സംരക്ഷിക്കുന്നതിലും ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തുകയും ചെയ്തു.

4) ശ്രീ.എം.അശോകൻ പരാമർ ശം (3) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചു.കുളത്തൂപ്പുഴ റെയിഞ്ചിലെ നാങ്കച്ചി 2 0 0 2 യൂക്കാലിപ് റ്റസ് തോട്ടത്തിലെ മരങ്ങൾ നിൽപ്പുമരങ്ങളായി വിൽക്കുന്നതിന് തീരുമാനമെടുത്തിട്ടുള്ളത് സർക്കിൾ, ഡിവിഷൻ തലത്തിലാണെന്നും ടി ലേലത്തിന്മേലുള്ള സ്ഥിരീകരണം സർക്കിൾ ഓഫീസിൽ നിന്നും 25.11.2013-ലെ ക്യു.സി. 5-2699/13 നമ്പർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ടെന്നും വാല്യുവേഷൻ പ്രകാരം നിശ്ചയിച്ച തുകയിൽ നിന്ന് 3,19,899/- രൂപ അധികമായി ലേലത്തിൽ ലഭിച്ചതിനാൽ സർക്കാർ നഷ്ടം ഉണ്ടായിട്ടില്ലായെന്നും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തു.

5) കുളത്തൂപ്പുഴ റെയിഞ്ചിലെ 2002 നാങ്കച്ചി അക്കേഷ്യ തോട്ടം ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് 18.07.2012-ൽ അനുവദിച്ചു നൽകുകയും ടി തോട്ടം ആരും

ലേലത്തിൽ എടുക്കാതിരുന്നതിനാൽ തിരികെ ഏൽപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. തുടർന്ന് ടി തോട്ടത്തിലെ മരങ്ങൾ മുറിച്ച് ശേഖരിച്ച് നീക്കം ചെയ്ത് കൊണ്ടുപോകുന്നതിനുള്ള അവകാശം ഡിപ്പാർട്ട്മെന്റലായി ലേലം ചെയ്തു വിൽക്കുവാൻ തീരുമാനിക്കുകയും ആയത് 02.09.2013-ൽ സതേൺ സർക്കിൾ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പിന്നീട് ലേലവ്യവസ്ഥകൾ അനുസരിച്ച് തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ഓഫീസിൽ വച്ച് ലേലം നടത്തുകയും ലേലത്തുകയേക്കാളും വാല്യുവേഷൻ തുകയേക്കാളും ഉയർന്ന തുകയായ 72,99,999/- രൂപയ്ക്ക് ലേലം സ്ഥിരീകരിച്ച് 25.11.2013-ൽ കൊല്ലം സതേൺ സർക്കിൾ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ഉത്തരവായിട്ടുമുണ്ട്. മേൽ റിപ്പോർട്ട് അംഗീകരിച്ച് പരാമർശം (4) പ്രകാരം ശ്രീമതി.ഉമ, ഐ.എഫ്.എസ്-നെതിരെയുള്ള അച്ചടക്ക നടപടി ഒഴിവാക്കി ഉത്തരവായിട്ടുമുണ്ട്.

6) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു.നില്പുമരങ്ങൾ ഔട്ട് ട്രേഡ് സെയിൽ നടത്തുന്നത് സർക്കിൾ കൺസർവേറ്റർ അംഗീകരിച്ച് ഉത്തരവായിട്ടുള്ളതിനാലും വാല്യുവേഷൻ പ്രകാരം നിശ്ചയിച്ച വിലയേക്കാൾ കൂടുതൽ തുക ലേലത്തിൽ വിറ്റപ്പോൾ ലഭിച്ചിട്ടുള്ളതിനാലും ആയത് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് തലത്തിൽ അംഗീകരിച്ചിട്ടുള്ളതിനാലും സർക്കാർ നഷ്ടം സംഭവിച്ചിട്ടില്ലാത്തതിനാലും ശ്രീ.എം.അശോകൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറി (റിട്ട.)-നെതിരായ അച്ചടക്ക നടപടിയിൽ നിന്നും ടിയാനെ കുറ്റവിമുക്തനാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീല എം
അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.എം.അശോകൻ, റിട്ടയേഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം

വിജിലൻസ് (ഇ) വകുപ്പ് (30.06.2015 ലെ 3226/ഇ4/15/വിജി. നമ്പർ കത്ത് പ്രകാരം)

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ